## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2235     **11.06.2018**- ൽ മറുപടിയ്ക്ക്

### <u>വയോജന നയം</u>

<u>ചോദ്യം</u>     <u>മറുപടി</u>

ശ്രീ. രാജു എബ്രഹാം     കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വാർദ്ധക്യത്തിന്റെ നാളുകളിൽ മക്കളാലും ബന്ധുക്കളാലും ഉപേക്ഷിക്കപ്പെടുന്നവരുടെ എണ്ണം കൂടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) | വാർദ്ധക്യത്തിൽ മക്കളാലും ബന്ധുക്കളാലും ഉപേക്ഷിക്കപ്പെടുന്നവരുടെ എണ്ണം കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച കണക്കെടുപ്പ് നടത്തിയിട്ടില്ല. |
| (ബി) | തെരുവിൽ ഉപേക്ഷിക്കപ്പെടുന്ന വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനും ചികിത്സയ്ക്കുമായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | തെരുവിൽ ഉപേക്ഷിക്കപ്പെടുന്ന വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനായി സംസ്ഥാനത്ത് സർക്കാർ ഉടമസ്ഥതയിൽ 16 വൃദ്ധ സദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ പ്രവേശിക്കപ്പെടുന്ന വൃദ്ധജനങ്ങൾക്ക് ചികിത്സ, ആഹാരം, വസ്ത്രം തുടങ്ങിയവ നൽകി സംരക്ഷിച്ചുപോരുന്നു. തെരുവിൽ ഉപേക്ഷിക്കപ്പെടുന്ന വൃദ്ധജനങ്ങളുടേയും മറ്റാരുടേയും സഹായം ലഭിക്കാതെയും സംരക്ഷിക്കപ്പെടാതെയും ഉള്ള വൃദ്ധ ജനങ്ങളുടേയും അപേക്ഷ |

| | | | |
|---|---|---|---|
| | | | ലഭ്യമാകുന്ന പക്ഷം അന്വേഷണങ്ങൾക്കും അർഹതയ്ക്കും വിധേയമായി അവർക്ക് വൃദ്ധ സദനങ്ങളിൽ പ്രവേശനം നല്കി വരുന്നു. ഇതു കൂടാതെ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ 617 വൃദ്ധ സദനങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഒരു അന്തേവാസിയ്ക്ക് 1000/- രൂപ ക്രമത്തിൽ സംസ്ഥാന സർക്കാർ സഹായവും നൽകുന്നുണ്ട്. |
| (സി) | വൃദ്ധരെ സംരക്ഷിക്കുന്നതിനായി താലൂക്ക് കേന്ദ്രീകരിച്ച് വൃദ്ധസദനങ്ങൾ നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ; | (സി) | തല്ക്കാലം പരിഗണനയിലില്ല. |
| (ഡി) | സംസ്ഥാന സർക്കാർ വയോജന നയം രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | മുതിർന്ന പൗരൻമാർക്ക് വേണ്ടിയുള്ള സംസ്ഥാന നയം സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. അറുപത് വയസ്സിനുമേൽ പ്രായമുള്ള എല്ലാപേരുടേയും താൽപര്യ സംരക്ഷണം സമൂഹത്തിന്റെ ചുമതലയായി അംഗീകരിക്കുന്നതോടൊപ്പം മുതിർന്ന പൗരൻമാരുടെ ക്ഷേമത്തിനുവേണ്ടി വിവിധ പരിപാടികൾ നടപ്പിലാക്കുന്ന-തിനുള്ള കർമ്മ പദ്ധതി രൂപീകരിക്കുന്നതിനുള്ള മാർഗ്ഗ രേഖയായും പ്രസ്തുത നയം വർത്തിക്കുന്നു |

**സെക്ഷൻ ഓഫീസർ**